File No.EXC/3179/2019-XA1

1695
26/8/20

## കേരള എക്സൈസ് വകുപ്പ്
## "മാതൃഭാഷ-മലയാളം"

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 25/08/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC39/2020/EXCISE**

വിഷയം: എൻ.ഡി.പി.എസ്/ അബ്കാരി കേസുകളിലെ പ്രതികൾ ഉൾപ്പെട്ട മുൻകാല കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന: 10.07.19 തീയ്യതിയിലെ EXC/3179/2019-XA1 നമ്പർ സർക്കുലർ.

എൻ.ഡി.പി.എസ്/ അബ്കാരി കേസുകളിൽ അന്വേഷണ ഉദ്യോഗസ്ഥർ കോടതി മുൻപാകെ എതിർ സത്യവാങ്മൂലം സമർപ്പിക്കുമ്പോഴും പ്രതികളുടെ ജാമ്യ അപേക്ഷകളിന്മേൽ റിപ്പോർട്ട് നൽകുമ്പോഴും ചാർജ് ഷീറ്റ്/ (കംപ്ലൈന്റ്) ഫയൽ ചെയ്യുന്ന സമയത്തും ടി കേസിലെ പ്രതികളുടെ പേരിൽ ഏതെങ്കിലും സ്ഥലത്തുള്ള മുൻകാല കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചുകൊണ്ട് എക്സൈസ് കമ്മീഷണർ 10.07.2019 തീയ്യതിയിലെ EXC/3179/2019-XA1 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സർക്കുലർ പുറപ്പെടുവിച്ചതിനു ശേഷം നാളിതുവരെ സംസ്ഥാനമൊട്ടാകെ 15214 അബ്കാരി കേസുകളും 5037 എൻ.ഡി.പി.എസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി കേസുകളിലെ പ്രതികളുടെ മുൻകാല കേസ് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ 15 എണ്ണം മാത്രമാണ്. ടി കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം പരിഗണിക്കുമ്പോൾ ആയത് വളരെ കുറവാണെന്ന് കാണുന്നു. എൻ.ഡി.പി.എസ് നിയമപ്രകാരം മുൻപ് കുറ്റകൃത്യം ചെയ്ത് ശിക്ഷ ലഭിച്ചിട്ടുള്ള കുറ്റവാളികൾ വീണ്ടും കുറ്റം ആവർത്തിക്കുകയാണെങ്കിൽ സെക്ഷൻ 31, 31A എന്നിവ പ്രകാരം അധിക ശിക്ഷ നൽകുന്നതിന് പ്രത്യേക വകുപ്പ് നിലനിൽക്കെ ആയതും , അബ്കാരി കേസുകളുടെ വിധി നിർണ്ണയിക്കുമ്പോൾ മുൻകാല കുറ്റവാളി എന്ന പ്രാധാന്യം ഉണ്ടായിരിക്കും എന്നതും പരിഗണിക്കാതെ അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും തുടർച്ചയായ വീഴ്ചകൾ ഉണ്ടാകുന്നത് അനുവദിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ എല്ലാ അന്വേഷണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ പുലർത്തേണ്ടതും മേലുദ്യോഗസ്ഥർ ആയത് ഉറപ്പാക്കേണ്ടതുമാണ്.

2013 മുതൽ എൻ.ഡി.പി.എസ്/ അബ്കാരി ആക്ടുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ ലഭ്യമാണ്. മേൽ പറഞ്ഞ തരത്തിലുള്ള ഏതെങ്കിലും വ്യക്തിയെ സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ എന്ന വിവരം അറിയുന്നതിന് എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ jcecrb@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ECRB യിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ബിനോയ് യുടെ 8281920587 എന്ന നമ്പറിലോ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. സജയന്റെ 9048985358 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. സമയബന്ധിതമായി രേഖകൾ ലഭിക്കുന്നില്ലെങ്കിൽ ECRB സർക്കിൾ ഇൻസ്പെക്ടർ ശ്രീ: അജയ്. കെ. ആർ ന്റെ 7907465319 എന്ന നമ്പരിൽ അറിയിക്കാവുന്നതാണ്.

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.08.25 10:57:23 IST
Reason: Approved

S. AANANTHAKRISHNAN IPS